# ACADEMIC MASTER PLAN

## LP SECTION

## 2025 ~ 2026



# എൽ.എം.എസ്
# എൽ.പി.എസ് അമരവിള

ഉപജില്ല - നെയ്യാറ്റിൻകര
വിദ്യാഭ്യാസ ജില്ല -നെയ്യാറ്റിൻകര
ജില്ല - തിരുവനന്തപുരം

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിനു എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ / പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ വർഷത്തെ പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. 2025-2026 അദ്ധ്യയന വർഷത്തിൽ ഒന്ന് മുതൽ നാലാം തരം വരെ ഉള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രധാന്യം നല്കി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രധാന്യം നല്കിയിരിക്കുന്നു . കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# വിദ്യാലയ ചരിത്രം

തിരുവനന്തപുരം നഗരത്തിൽ 21 കിലോമീറ്റർ തെക്കുമാറി പ്രശാന്ത സുന്ദരവും പ്രകൃതിരമണീയവുമായ നെയ്യാറിന്റെ തീരത്താണ് അമരവിള എൽ .എം..എസ്. എൽ .പി.സ്കൂൾ ഇന്ന് സ്ഥിതി ചെയ്യുന്നത് .നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ടതാണ് ഈ പ്രദേശം. ചെറിയ ചെറിയ കുന്നുകളും അരുവികളും ഈ പ്രദേശത്തിന്റ പ്രത്യേകതകളാണ്. അമരവിള (ദേവന്മാർ വസിച്ചിരുന്ന വിള) എന്ന വാക്കിൽ നിന്നാണ് അമരവിള എന്ന സ്ഥലനാമം ഉണ്ടായതെന്നാണ് ചരിത്രം സൂചിപ്പിക്കുന്നത്. ഈ നാട്ടിലെ ജനങ്ങൾ ഇരുന്നൂറു വർഷങ്ങൾക്കു മുമ്പ് ഇവിടെ കുടിയേറിപ്പാർത്തവരായിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റ ആദ്യ ഘട്ടത്തിൽ തന്നെ ക്രിസ്തുമതം ഈ പ്രദേശത്തു എത്തിയതായി തെളിവുകൾ ഉണ്ട്. ലണ്ടൻ മിഷനറി സൊസൈറ്റിയുടെ (എൽ.എം.എസ്) ആഭിമുഖ്യത്തിലാണ് ഈ പ്രദേശത്ത് സുവിശേഷപ്രവർത്തനങ്ങൾ ആരംഭിച്ചത്. ചാൾസ് മീഡ് എന്ന മിഷനറിക്കായിരുന്നു ഈ പ്രദേശത്തിന്റ ചുമതല. അദ്ദേഹം ലണ്ടനിലേക്കയച്ച ഒരു കത്തിൽ നിന്നും 1830 -ൽ കല്ലുമത്തുറ (ഇന്നത്തെ അമരവിള) എന്ന സ്ഥലത്ത് ഒരു സ്കൂൾ റൂം പണിതതായും, ഈ സ്കൂളിന് തദ്ദേശീയ ഗവൺമെന്റിന്റ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖാമൂലം അനുവാദം നൽകിയിരുന്നതായും പ്രത്യേകം എടുത്തു പറയുന്നുണ്ട്.

അതിനാൽ ഈ സ്കൂൾ ആരംഭിച്ചത് 1830 -ൽ തന്നെ എന്നാണ് സ്കൂൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും.

ആദ്യകാലത്ത് സഭയിലെ അംഗങ്ങളുടെ കുട്ടികളായിരുന്നു അവിടെ പഠിച്ചിരുന്നത്. അതിന് നേതൃത്വം നൽകിയിരുന്നത് മിഷനറിമാരായിരുന്നു. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ അവർ വളരെ ശ്രദ്ധിച്ചിരുന്നു. 1833-ൽ രണ്ടു മുറികളുള്ള ഒരു വിദ്യാലയവും അധ്യാപകരും ഇവിടെ ഉണ്ടായിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിന്റ അനാചാരങ്ങളും അജ്ഞതയും തുടച്ചുനീക്കാൻ വിദ്യാഭ്യാസത്തിനു മാത്രമേ കഴിയൂ എന്നും മനസ്സിലാക്കിയ മിഷനറിമാർ സ്കൂൾ പ്രവർത്തനങ്ങൾ വളരെ ശ്രദ്ധയോടു കൂടി മുന്നോട്ടു കൊണ്ടു പോയി. ആദ്യഘട്ടത്തിൽ മുപ്പതോളം കുട്ടികളാണ് ഇവിടെ പഠിച്ചിരുന്നത്. മിഷനറിയോടൊപ്പം ചെറുപ്പക്കാരനായ ഒരു അധ്യാപകൻ വളരെ ശ്രദ്ധയോടും ചിട്ടയോടും കൂടി സ്കൂൾ നടത്തിയിരുന്നതായും കാണുന്നു.

രണ്ടു മുറികളിൽ വളരെ നാൾ പ്രവർത്തിച്ചിരുന്ന വിദ്യാലയം വിപുലപ്പെടുത്തുകയും 1840-ന് ശേഷം ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചുള്ള എൽ.എം.എസ്.എൽ.പി. സ്കൂളായി മാറുകയും ചെയ്തു.1886-ലെ കണക്കുകളിൽ സഭയിലെ പകുതിയോളം ആളുകൾക്കും അക്ഷരാഭ്യാസം ലഭിച്ചിരുന്നതായും കാണുന്നു. സ്കൂളിന്റെ ചുമതല

എൽ.എം.എസ് അഥവാ ലണ്ടൻ മിഷൻ സൊസൈറ്റി നിയമിച്ചിരുന്ന സഭയിലെ ശുശ്രൂഷകർക്കായിരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളുടെ വീടുകൾ തോറും കയറിയിറങ്ങി കുട്ടികളെ കൂട്ടിക്കൊണ്ട് വന്ന് പഠിപ്പിക്കുന്ന രീതിയും അന്നുണ്ടായിരുന്നു.

1985-ൽ പള്ളി കോമ്പൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന പഴയതും ജീർണാവസ്ഥയിലായിരുന്നതുമായ പഴയ രണ്ട് പ്രൈമറി സ്കൂൾ കെട്ടിടങ്ങളും പൊളിച്ചു മാറ്റി ഇന്ന് കാണുന്ന രീതിയിൽ സ്കൂൾ പ്രവർത്തിക്കുന്നു.

# ചിത്രങ്ങൾ


LMS MODEL LPS AMARAVILA


L.M.S. L.P.S
AMARAVILA







# സ്കൂൾ പ്രൊഫൈൽ

- NAME OF SCHOOL - LMS LPS Amaravila
- TYPE OF SCHOOL - Aided
- YEAR OF ESTABLISHMENT - 1830
- NAME OF MANAGEMENT - LMS (Corporate BHRD)
- NAME OF BRC - Neyyattinkara
- NAME OF CRC - Town CRC
- NAME OF EDUCATIONAL DISTRICT - Neyyattinkara
- NAME OF SUB DISTRICT - Neyyattinkara
- NAME OF REVENUE DISTRICT - Thiruvanthapuram
- NAME OF TALUK - Neyyattinkara
- NAME OF MUNICIPALITY - Neyyattinkara
- NAME OF WARD - Athiyanoor
- POST OFFICE - Amaravila
- PINCODE - 695122

# സ്കൂളിലെ ജീവനക്കാർ

- SHALINI V S - HM
- SHYNI SYLUS - LPST
- VIJI PRABHA - LPST
- SHEELA KUMARI - LPST
- VASANTHA KUMARI - LPST
- SUMA G - LPST
- DEEPTHI L A - LPST
- AKHIL T S - LPST
- GREESHMA P M - LPST
- JIBIN V S - LPST
- SOUMYA - LPST
- NASEEHA A P - ARABIC TEACHER
- JEREENA - PRE PRIMARY TEACHER
- SAJITHA L - PRE PRIMARY TEACHER
- SUNI J S - HELPER
- BINDHU T - HELPER

# സ്കൂൾ ഭൗതിക
# അക്കാദമിക
# സാമൂഹിക
# സാഹചര്യങ്ങൾ

# അക്കാദമികം

ഈ സ്കൂളിലെ വിദ്യാർഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് വേണ്ടി വർഷങ്ങളായി അധ്യാപകരുടെ നിരന്തരശ്രമഫലമായി കലാമേളങ്ങളിലും മത്സരപരീക്ഷകളിലും ശാസ്ത്രമേളകളിലും കുട്ടികൾ മികച്ച വിജയം നേടിയിട്ടുണ്ട്. മാത്രമല്ല എൽ എസ് എസ് സ്കോളർഷിപ്പ് മത്സര പരീക്ഷകൾ എന്നിവയിൽ ഉന്നത വിജയം നേടാൻ സാധിച്ചത് ഈ സ്കൂളിന്റെ മികവായി എടുത്തു പറയേണ്ടതാണ് .

പൊതു വിദ്യാഭ്യാസ യജ്ഞാത്തിന്റെ ഭാഗമായി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എല്ലാ കുട്ടികളും എഴുത്തിലും വായനയിലും മുന്നോക്കം വരുന്നതിനുമായി വയമ്പ് മലയാളത്തിളക്കം ,തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്കൂളുകളിൽ വയമ്പ് വായന പരിപാടി മലയാളത്തിളക്കം പ്രവർത്തനങ്ങൾ എന്നിവയൊക്കെ നടത്തി ഭാഷാപരമായ ശേഷികൾ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. അയമ്പ് മലയാളത്തിളക്കം എന്നീ പദ്ധതികളിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട് .കുട്ടികളുടെ സൃഷ്ടികൾ പുസ്തകമാക്കി പ്രസിദ്ധീകരിച്ച സമൂഹത്തിന് സമർപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

എല്ലാ അസംബ്ലിയിലും ആ ദിവസമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നു. ഈ പദ്ധതി പൊതുവിജ്ഞാനം

എന്ന പേരിൽ അറിയപ്പെടുന്നു. അസംബ്ലിയിൽ ചോദിച്ച ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തുന്നതിനായി ചോദ്യങ്ങൾ എല്ലാ ക്ലാസ് ഗ്രൂപ്പുകളിലും ഷെയർ ചെയ്യുന്നു. ശേഷം അടുത്ത അസംബ്ലിയിൽ ചോദ്യങ്ങൾ ചോദിക്കും ഉത്തരം കണ്ടെത്തി വന്നവർക്ക് സമ്മാനങ്ങൾ നൽകുന്നു. ഇതിലൂടെ പൊതുവിജ്ഞാനത്തിൽ പങ്കെടുക്കുന്നതിനുള്ള കുട്ടികളുടെ താല്പര്യം വർദ്ധിക്കുന്നു .

വായനക്ക് പ്രാധാന്യം നൽകുന്നതിനായി എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ദിനപത്രം സ്കൂളിൽ വരുത്തുന്നു. ദിനപത്രം വായിക്കുന്നതിനായി പ്രത്യേകം സമയം കുഞ്ഞുങ്ങൾക്ക് നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തിവരുന്നു .ഉച്ചയ്ക്ക് 1.00 മുതൽ 1.30 വരെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തിവരുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം, പ്രസംഗം ,രചനാ മത്സരങ്ങൾ, പോസ്റ്റ നിർമ്മാണം എന്നിവ നടത്തുന്നു .പ്രത്യേക സമയം കണ്ടെത്തി മത്സര പരീക്ഷകൾക്ക് മികച്ച പരിശീലനം നൽകുന്നു .

**<u>പാഠ്യേതര പ്രവർത്തനങ്ങൾ</u>**

- ഡാൻസ്
- കരാട്ടെ

- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- പരിസ്ഥിതി ക്ലബ്ബ്
- ഗാന്ധി ദർശൻ
- വിദ്യാരംഗം
- സ്പോർട്സ് ക്ലബ്ബ്
- ഗണിത ക്ലബ്

# ഭൗതികം

ഒരു ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 13 ക്ലാസ് മുറികളും ഓഫീസ് മുറിയും കമ്പ്യൂട്ടറിലാകും ഉള്ള ഷീറ്റും ഓടും മേഞ്ഞ കെട്ടിടമാണ് നിലവിലുള്ളത്. ക്ലാസ് മുറികൾ തമ്മിൽ താൽക്കാലിക സെപ്പറേഷൻ നിർമ്മിച്ചു. എല്ലാ ക്ലാസ് മുറികളിലും സ്വിച്ച് ബോർഡ് വൈദ്യുതി കണക്ഷനും ഉണ്ട്. മൂന്നു ക്ലാസ് ഒഴികെ മറ്റെല്ലാ ക്ലാസുകളിലും തറയിൽ ടൈൽസ് പാകിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളിലും വാതിലും ജനൽ പാളികളും ഉണ്ട്. ഇടുങ്ങിയ ക്ലാസ് മുറികളാണ് ഉള്ളത് . ഓഫീസ് റൂമിനോട് ചേർന്ന് ഒരു സ്മാർട്ട് ക്ലാസ് റൂം ഉണ്ട്.അവിടെ 9 ലാപ്ടോപ്പ് രണ്ട് പ്രൊജക്ടർ രണ്ട് ഡെസ്ക്ടോപ്പ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

ഓഫീസ് മുറിയോട് ചേർന്ന സ്മാൾ ക്ലാസ് റൂമിൽ ചില്ലിട്ട ഒരു വലിയ സ്റ്റീൽ അലമാരയിലാണ് സ്കൂൾ ലൈബ്രറി പ്രവർത്തിക്കുന്നത്. വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറിയിൽ നിന്നും ഓരോ ക്ലാസിലും പുസ്തകങ്ങൾ വിതരണം ചെയ്യുകയും വർഷാഅവസാനം പുസ്തകം തിരികെ ശേഖരിക്കുകയും ചെയ്യും .ആയിരത്തിലധികം പുസ്തകം ലൈബ്രറിയിൽ സജ്ജമാക്കിയിട്ടുണ്ട് എല്ലാ പുസ്തകങ്ങൾ അടുക്കി വയ്ക്കാനുള്ള സൗകര്യക്കുറവുണ്ട് .എല്ലാ ക്ലാസിലും

ക്ലാസ് ലൈബ്രറികൾ ഉണ്ട്. പല ആകൃതിയിലുള്ള ചുമരലമാരകൾ സജ്ജീകരിച്ചിട്ടുണ്ട്. അടച്ചുറപ്പില്ലാത്ത അലമാര ആയതിനാൽ പുസ്തകം സൂക്ഷിച്ചുവെക്കാൻ സാധിക്കുന്നില്ല.

പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റുകൾ ഉണ്ട്. ബ്ലാക്ക് ബോർഡ്, ഡസ്റ്റർ, ചോക്ക് സംവിധാനമുള്ള ക്ലാസ് മുറികളാണ് നിലവിൽ. കുട്ടികൾക്ക് മൾട്ടിമീഡിയയുടെ സഹായത്തോടെ എല്ലാ വിഷയങ്ങൾക്കും പഠന സാധ്യത കുറവാണ്. പൈപ്പ് വെള്ളമാണ് ഇവിടെ ലഭിക്കുന്നത് 15 ടാപ്പുകൾ ഉണ്ട്. കുടിവെള്ള സംഭരിക്കുന്നതിനായി മൂന്ന് ടാങ്കുകൾ ഉണ്ട്. പൈപ്പ് വെള്ളത്തിൽ ആശ്രയിക്കുന്നതിനാൽ പലപ്പോഴും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുട്ടികൾ ടോയ്ലറ്റിൽ പോകുമ്പോഴും കൈ കഴുകാൻ പോകുമ്പോഴും മഴ നനയാതിരിക്കാൻ ചരിച്ചുവാർത്ത മേൽ കൂര നിർമ്മിച്ചിട്ടുണ്ട് .

രണ്ട് മുറികളിലാണ് പാചകപ്പുര നിലവിലുള്ളത്. പാചക പാത്രങ്ങളും മിക്സിയും ഉണ്ട്. ശുദ്ധജല ലഭ്യത ഉണ്ട്. ഗ്യാസ് കണക്ഷനും ഉണ്ട്. സ്കൂളിൽ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി 3 വാഹനങ്ങൾ സജ്ജമാക്കിട്ടുണ്ട് .(ഒരു വാഹനം അദ്ധ്യാപകരുടെ സഹായത്തോടെ 2008 ൽ വാങ്ങുകയും മറ്റൊരു വാഹനം പി.ടി.എ.യുടെ സഹായത്തോടു കൂടി 2019 ൽ വാങ്ങുകയും ചെയ്തു).

# സാമൂഹികം

സാമൂഹ്യപങ്കാളിത്തത്തോടെ പല പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട് . എംഎൽഎ ഫണ്ടിൽ നിന്നും പാചക നിർമ്മിക്കാൻ സാധിച്ചു . എംഎൽഎ ഫണ്ട് ഉപയോഗിച്ച് 9 ലാപ്ടോപ്പുകളും രണ്ട് പ്രോജക്ടുകളും രണ്ട് ഡിസ്ക് ടോപ്പുകളും നമ്മുടെ സ്കൂളിന് ലഭിച്ചിട്ടുണ്ട് . അതോടൊപ്പം രണ്ട് സ്മാർട്ട് ക്ലാസ് റൂമുകളും നമ്മുടെ സ്കൂളിന് ലഭിച്ചിട്ടുണ്ട് .

കുട്ടികൾ കൈകഴുകാനും ടോയ്ലറ്റിലും പോകുമ്പോൾ മഴ നനയാതിരിക്കാൻ ചരിച്ചുവാർത്ത മേൽക്കൂര പി.ടി.എ അംഗങ്ങളുടെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിന് നിർമ്മിച്ചു നൽകി. ഓണാഘോഷം സ്വാതന്ത്ര്യദിന റാലി ശിശുദിനം എന്നിവ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിച്ചു വരുന്നു. എല്ലാ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും പരിസരം ശുചിത്വം, പഠനയാത്ര എന്നിവയിലും സാമൂഹ്യപങ്കാളിത്തം വരുത്താൻ സാധിച്ചു. ഗാന്ധിദർശൻ പ്രവർത്തനത്തിന് ഭാഗമായി സ്വയംതൊഴിൽ പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കാനും സാധിച്ചു.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും . അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.
- ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും .
- ബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും .
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക .

- ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം,വേസ്റ്റ് മാനേജ്മെന്റ് , മലിന ജലനിർമ്മാജനം ,തുടങ്ങിയവ കൃത്യമായി നടപ്പിലാക്കാൻ ഹരിത സേന രൂപീകരിക്കൽ .
- കൃഷി ,ഔഷധത്തോട്ടം , ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കൽ.

# അക്കാദമിക കാഴ്ചപ്പാട്

# കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകൾ

# ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് പരസ്പരം അറിയാനും സൗഹൃദം സ്ഥാപിക്കാനും അവസരമൊരുക്കുക.
- വിദ്യാലയത്തെയും അതിലെ സൗകര്യങ്ങളെയും പരിചയപ്പെടുത്തുക.
- പുതിയ അധ്യയന വർഷത്തിലെ സാധ്യതകളും വിഭവങ്ങളും കുട്ടികളെ ബോധ്യപ്പെടുത്തുക.
- ക്ലാസിലും സ്കൂളിലും പാലിക്കേണ്ട പൊതുവായ പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ച് ധാരണ നൽകുക.
- നിരീക്ഷണം, ചർച്ച, ലഘുപ്രവർത്തനങ്ങൾ എന്നിവയിലൂടെ പഠനപ്രക്രിയ ആസ്വാദ്യകരമാക്കുക.
- വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുമുള്ള  വ്യക്തമായ ധാരണ ലഭ്യമാക്കുക.
- വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകുന്നു.
- ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുമ്പോൾ കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്ന അവബോധം സൃഷ്ടിക്കുന്നു.

- പൊതുമുതൽ സംരക്ഷണവും അതിൻറെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
- പരസ്പര സഹകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.

# പ്രവർത്തനങ്ങൾ

***03/06/2025***

- കൂട്ടുകാരെ പരിചയപ്പെടൽ/ അറിയൽ
- അവധിക്കാല അനുഭവം പങ്കുവെയ്ക്കൽ
- **സ്കൂളിനെ അറിയൻ താഴെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ അനുയോജ്യമായവ നിരീക്ഷണത്തിനും മറ്റുമായി പ്രയോജനപ്പെടുത്തുന്നു**.

- സ്കൂളും പരിസരവും
- ഓഫീസ് റൂം/സ്റ്റാഫ് റൂം/സ്റ്റോർ
- ടോയ്ലറ്റ് (ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ)
- കളിസ്ഥലം
- ആരോഗ്യസംരക്ഷണം, പകർച്ചവ്യാധികൾ വരാതെ ശ്രദ്ധിക്കൽ
- മാലിന്യ സംസ്കരണ സംവിധാനം
- കുടിവെള്ളം
- പൂന്തോട്ടം/ അടുക്കളത്തോട്ടം/ജൈവവൈവിധ്യ ഉദ്യാനം
- സസ്യവൈവിധ്യം
- ലൈബ്രറി

***04/06/2025***

- റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച (റോഡിലൂടെ നടക്കേണ്ട രീതി, റോഡ് മുറിച്ചു കടക്കുന്നതെങ്ങനെ നിർത്തിയിട്ട വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്ര ക്രോസിംങിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ).
- റോഡിലൂടെ യാത്ര ചെയ്യുന്നത് സംബന്ധിച്ച്, സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും കാൽ നടക്കാരായും അഭിനയിച്ച് ഒരു മോക്ക് ഡ്രിൽ നടത്തുക.
- സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പാലിക്കേണ്ട രീതികൾ.
- കുട്ടികൾ സ്കൂൾ ബസ്/ഓട്ടോ/മറ്റ് വാഹനങ്ങൾ എന്നിവയിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (കയറുമ്പോൾ, യാത്രയിൽ, ഇറങ്ങുമ്പോൾ).
- റെയിൽ ക്രോസ്സുകൾ മുറിച്ചു കടക്കുമ്പോൾ/സിഗ്നലുകൾ എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

***05/06/2025***

**വ്യക്തിശുചിത്വം -**

- ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് എല്ലാവരും ചേർന്ന് പാടുക.
- സർവ്വേഫോറം പൂർത്തിയാക്കി ക്ലാസ് സർവേ നടത്തുക.]
- **ശീലങ്ങൾ**

- ഇന്നലെ രണ്ട് നേരം പല്ലു തേച്ചവർ
- ഇന്ന് കുളിച്ചവർ
- കൈ നഖം വൃത്തിയായുള്ളവർ
- കാൽ നഖം വൃത്തിയായുള്ളവർ
- മുടി വൃത്തിയായി ചീകി ഒതുക്കിയവർ
- വൃത്തിയുള്ള ചെരുപ്പ് ധരിച്ചിട്ടുള്ളവർ
- സ്കൂൾ ബാഗ് വൃത്തിയായി സൂക്ഷിച്ചിട്ടുള്ളവർ

**ക്രോഡീകരണം**

- നമ്മുടെ ക്ലാസിൽ ഇന്നലെ രണ്ട് നേരവും പല്ലുതേച്ചവർ (പകുതിയിലേറെപ്പേർ) [ഓരോ ശീലങ്ങളും ഇങ്ങനെ ക്രോഡീകരിക്കുക]
- എല്ലാ ശീലങ്ങളും എല്ലാ ദിവസവും പാലിക്കുന്നവരെ എഴുന്നേറ്റ് നിർത്തിച്ച് അഭിനന്ദിക്കുക.
- മാസത്തിലൊരിക്കൽ ഈ സർവ്വേ നടത്തുക.

## ***പരിസരശുചിത്വം***

- പ്രകൃതി നടത്തം - കുട്ടികളും അദ്ധ്യാപകരും ചേർന്ന് സ്കൂൾ പരിസരം നിരീക്ഷിക്കുക.
- **നിരീക്ഷണ സൂചകങ്ങൾ**
- ക്ലാസ്റൂം വൃത്തി, സാധനസാമഗ്രികളുടെ അടുക്കും ചിട്ടയും
- ആവശ്യമില്ലാത്ത സാധനങ്ങൾ ക്ലാസ്റൂമിൽ കൂട്ടിയിട്ടിട്ടുണ്ടോ ?
- പ്രധാനാദ്ധ്യാപികയുടെ മുറിയുടെ പരിസരം വൃത്തിയുള്ളതാണോ ?
- സ്റ്റാഫ്റൂം വൃത്തി
- ആഹാരം പാചകം ചെയ്യുന്നിടം, ഡൈനിംഗ് ഹാൾ
- കൈകഴുകുന്ന സ്ഥലം
- ടോയ്ലറ്റുകൾ
- ഓരോ സ്ഥാപന ക്യാമ്പസ്സിലും മേൽപറഞ്ഞവ കൂടാതെ സന്ദർശിക്കേണ്ട ഇടങ്ങളുണ്ടെങ്കിൽ അവകൂടി ഉൾപ്പെടുത്താവുന്നതാണ്.
- നിരീക്ഷണശേഷം ക്ലാസിൽ തിരിച്ചെത്തി ചർച്ച.
- സ്കൂൾ പരിസരം എങ്ങനെയെല്ലാം വൃത്തിയായി സൂക്ഷിക്കാം.
- സ്കൂൾ സൗന്ദര്യവത്ക്കരണത്തിന് പ്രാധാന്യം എന്തെല്ലാം
- അതിൽ നമുക്ക് എങ്ങനെയെല്ലാം പങ്കാളികളാകാം.

***ഹരിതക്യാമ്പസ്***

- വിദ്യാലയത്തെ ഹരിതാഭമാക്കി മാറ്റുന്ന സസ്യങ്ങളേതെല്ലാം ?
- ഇവയെ പരിപാലിക്കാൻ നാം ഓരോരുത്തരും എന്തു ചെയ്യണം ?
- ചർച്ച .
- തീരുമാനമെടുക്കൽ.

***09/06/2025***

***പൊതു ആരോഗ്യം***

- **ചർച്ച ചെയ്യണ്ട പ്രധാന മേഖലകൾ**
- പോഷണം
- ശുചിത്വം
- വ്യയാമം
- നല്ല ഉറക്കശീലം
- മനസ്സിന്റെ സന്തോഷം
- ആരോഗ്യ മര്യാദകൾ.

***10/06/2025***

***ഡിജിറ്റൽ അച്ചടക്കം***

- ***ചർച്ച ചെയ്യണ്ട പ്രധാന മേഖലകൾ***
- രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം

- ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
- കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
- സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
- ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ.
- ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ആഘാതങ്ങൾ.

***11/06/2025***

***പൊതുമുതൽ സംരക്ഷണം***

- ***ചർച്ച ചെയ്യണ്ട പ്രധാന മേഖലകൾ***
- സ്വന്തം സാധനസാമഗ്രികൾ അടുക്കും ചിട്ടയോടും സൂക്ഷിക്കൽ.
- ബാഗ്, ചെരുപ്പ്, വാട്ടർ ബോട്ടിൽ, പുസ്തകം എന്നിവ നിശ്ചിത സ്ഥലത്ത് വയ്ക്കുന്നത് ശീലിക്കൽ.

- എല്ലാവർക്കുമായി ക്ലാസിൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ/സംവിധാനങ്ങൾ തിരിച്ചറിയൽ. (ICT ഉപകരണങ്ങൾ, വായനസാമഗ്രികൾ, ബഞ്ച്, ഡസ്ക്, അലമാര, ബോർഡ്, ഡസ്റ്റർ, വേസ്റ്റ് ബിൻ, ഫാൻ, ലൈറ്റ്, ചാർട്ട്, മാർക്കർ, ചോക്ക്, ക്രയോൺസ്, ...)
- കൂട്ടുത്തരവാദിത്വത്തിൽ ഇവയുടെ സംരക്ഷണം.
- സ്കൂൾ കെട്ടിടവും പരിസരത്തുള്ള എല്ലാ സംവിധാനങ്ങളും പൊതുമുതലാണെന്നും അത് തന്റേതുകൂടെയാണെന്നും സംരക്ഷിക്കേണ്ടത് തന്റെ കൂടി ചുമതലയാണെന്ന് തിരിച്ചറിയൽ. (സ്കൂൾ കെട്ടിടം, ചെടികൾ, മതിൽ, ക്ലാസ് മുറികൾ, കളിസ്ഥലം, ഡൈനിംഗ് ഹാൾ, ടാപ്പുകൾ, ബഞ്ച്, ഡെസ്ക്, ചുമരുകൾ എന്നിവയിൽ എഴുതാതെ സംരക്ഷിക്കൽ)
- മറ്റുള്ളരുടെ വസ്തുവകകൾക്ക് കേടുപാടുണ്ടാക്കാതെ സംരക്ഷിക്കൽ.
- സ്കൂൾ വാഹനങ്ങളും സ്കൂളിലേക്കെത്തുന്ന മറ്റ് വാഹനങ്ങളും നശിപ്പിക്കാതിരിക്കൽ.
- ഇതുപോലെ അതാത് സ്ഥാപനവുമായ ബന്ധപ്പെട്ട് പ്രസക്തമായ കാര്യങ്ങൾ ഉൾച്ചേർക്കാവുന്നതാണ്.

***12/06/2025***

***പരസ്പരസഹകരണത്തിന്റെ പ്രാധാന്യം***

- **താഴെ കൊടുത്തിരിക്കുന്ന തീമുകൾ ഉപയോഗപ്പെടുത്തി ഇതിനായി റോൾപ്ലേ ഉപയോഗപ്പെടുത്തണം**.
    - ഡൈനിംഗ് സമയം
    - ബസ് യാത്ര
    - കുടുംബമായി കടയിൽ പോയത്
    - അച്ഛനും അമ്മയും മക്കളും ചേർന്ന് ഭക്ഷണം തയ്യാറാക്കൽ
    - തുണിക്കട

***13/06/2025***

***പൊതുക്രോഡീകരണം***

- 03/06/2025 മുതൽ 13/06/2025 വരെ വിവിധ തീമുകളെ ആസ്പദമാക്കി നടന്ന പ്രവർത്തനങ്ങൾ വഴി കുട്ടികളിലുണ്ടായ ധാരണകളുടെ പൊതുക്രോഡീകരണമാണ് നടക്കേണ്ടത്.. ഈ ക്രോഡീകരണത്തിലൂടെ വികസിച്ച ധാരണകളുടെ അടിത്തറയിലാകും തുടർന്ന് പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി നടക്കുന്ന പഠന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടത്.

# ഭഷ

# ലക്ഷ്യങ്ങൾ

- ✓ അടിസ്ഥാന ഭാഷാശേഷി വികസനം
- ✓ ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനം മികവ്
- ✓ സർഗ്ഗാത്മകഥയെ തട്ടിയുണർത്താം
- ✓ സാഹിത്യ പ്രതിഭകളെ അടുത്തറിയാം
- ✓ വായന പരിപോഷണം
- ✓ ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ
- ✓ വായനശേഷി വളർത്തൽ
- ✓ എഴുത്ത് പരിപോഷിപ്പിക്കൽ
- ✓ ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ
- ✓ അറിവ് ഡോക്യുമെന്ററിലൂടെ നേടൽ
- ✓ നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ
- ✓ സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ
- ✓ പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ട് അറിയൽ
- ✓ ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ .

# പ്രവർത്തനങ്ങൾ

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടങ്ങ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# <u>മലയാള ഭാഷ (Std IV)</u>

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ENGLISH

# ലക്ഷ്യങ്ങൾ

- ✓ ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ
- ✓ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ
- ✓ വായന - ആശയം അറിഞ്ഞും ഒഴുക്കോടെയും
- ✓ ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ
- ✓ തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി
- ✓ സർഗാത്മകതാ പരിപോഷണം
- ✓ സർഗ്ഗാത്മകതാ രചന ശേഷി വികസനം
- ✓ ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്
- ✓ വായനാ പരിപോഷണം
- ✓ ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ( ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടക്കൽ

# പ്രവർത്തനങ്ങൾ

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br><br>ളിഴഹശവെ റമ്യ ളിഴഹശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ്- II**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher<br><br>SMC | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | | SRG |
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | HM | SRG |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | SSA SRG | SSA |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | Class teacher | SRG |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയി ലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസ ങ്ങളിലെ പ്രവർത്ത നങ്ങൾ ഉൾക്കൊ ള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിട പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോ ഷണം | കുട്ടികളുടെ നില വാരത്തിനനുസ രിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരു ക്കൽ<br><br>വായനാവേള ഒരു ക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തി ലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവി ശ്വാസമുണ്ടാക്കൽ) | രചനാ മത്സരം മറ്റു സർഗാത്മക പ്ര വർത്തനങ്ങളുടെ അവതരണം | അവധിക്കാലം | Class teacher<br>Parents | Class teacher<br>Parents |

# ഗണിതം

# ലക്ഷ്യങ്ങൾ

- ✓ കളികളും നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
- ✓ ഗണിത ചിന്താശേഷി വളർത്തൽ
- ✓ ജാമിതീയ സൗന്ദര്യം തിരിച്ചറിയാം
- ✓ ഗണിതം ലളിതമാക്കാം കളികളിലൂടെ
- ✓ ഗണിത പഠനം രസമാക്കൽ ( ചതുഷ്ക്രിയകൾ ലളിതമാക്കാൽ )
- ✓ ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലനശേഷി വികാസം
- ✓ ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ
- ✓ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചയൽ
- ✓ പഠന ഉപകരണങ്ങളിലൂടെ ഗണിത പഠനം രസമാക്കൽ
- ✓ ഗണിത ശേഷികളുടെ പ്രകടനം

# പ്രവർത്തനങ്ങൾ

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഏ<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ്- II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കു കളും, ഗണിത പസിലുകളും പരി ചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളി ലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# <u>ഗണിതം (Std IV)</u>

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളി കൾ ആസൂത്ര ണം ചെയ്യൽ- നടപ്പാ ക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവക ലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാ ക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങ ളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരി ക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരു ക്കൽ- പഠനത്തിന് ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളു ടെ പ്രായോഗിക മൂല്യം തിരിച്ചറി യൽ | ഗണിത ച്ചുമർ ഒരു ക്കൽ ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങ ളിലൂടെ ഗണിതപ ഠനം രസകരമാ ക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോ പകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷിക ളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങ ളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസര പഠനം

# ലക്ഷ്യങ്ങൾ

- ✓ ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്
- ✓ പ്രകൃതിയെ അറിയുന്നതിലും ആസ്വദിക്കുന്നതിനും
- ✓ ശുചിത്വ ബോധമുള്ള വ്യക്തിത്വം സമൂഹവും സൃഷ്ടിക്കുന്നതിന്
- ✓ പ്രകൃതി അറിയാൻ
- ✓ നാട് അറിയാൻ - നാട്ടറിവുകൾ
- ✓ ശാസ്ത്ര ബോധം വളർത്തുക
- ✓ പ്രകൃതി വിഭവ സംരക്ഷണം
- ✓ ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ
- ✓ നിരീക്ഷണം അറിവ് നിർമ്മാണം
- ✓ ശാസ്ത്ര പഠനം ലളിതവും രക്ഷാകരവും ആക്കൽ
- ✓ ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ
- ✓ കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ
- ✓ ശാസ്ത്ര പഠനം രസമാക്കൽ
- ✓ ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം
- ✓ ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന

# പ്രവർത്തനങ്ങൾ

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - II**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശുചിത്വബോധമു<br>ള്ള വ്യക്തിത്വവും<br>സമൂഹവും<br>സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മ<br>ത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറി<br>യാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവി<br>ലേക്ക്.<br>കാണാക്കാഴ്ചകൾ<br>- ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ട<br>റിവുകൾ | കർഷകരുമായി<br>അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷക<br>രാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# പ്രവർത്തി പരിചയം

# ലക്ഷ്യങ്ങൾ

- ✓ നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ✓ പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
- ✓ ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക

# പ്രവർത്തനങ്ങൾ

***പ്രവർത്തനം 1***

പേര് : പ്രവർത്തിപരിചയ ശില്പശാല

ഉപ മേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവർത്തിപരിചയ ഇനങ്ങളിൽ കുട്ടിക്കൾക്ക് പരിശീലനം ലഭ്യമാക്കൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | Class Teacher |

***പ്രവർത്തനം 2***

പേര് : പേപ്പർ ബാഗ് നിർമ്മാണം

ഉപ മേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂൺ - മാർച്ച് | SSG | Class Teacher |

***<u>പ്രവർത്തനം 3</u>***

പേര്            : ഒറിഗാമി

ഉപ മേഖല : കരകൗശല പരിശീലനം

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവർത്തി പഠന പഠനത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ , പഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കൽ | SEPTEMBER | RESOURSE PERSON | Class Teacher |

# കലാ പരിശീലനം

# ലക്ഷ്യങ്ങൾ

- ✓ കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക
- ✓ കലാഭിരുചി വളർത്തുക
- ✓ ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക
- ✓ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉൾപ്പെടുത്തുക
- ✓ ' ഓരോ കുട്ടിയും ഒന്നാമനാണ് ' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

# പ്രവർത്തനങ്ങൾ

***<u>പ്രവർത്തനം 1</u>***

പേര് : സർഗവേദി

ഉപമേഖല : പ്രകനവേദികൾ

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| കലാഭിരുചി വർളത്തുക ( കുട്ടികളുടെ സർഗാത്മക കഴിവുകൾ ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്താൽ നേതൃത്വം - വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | Class Teacher SRG | Class teacher |

***<u>പ്രവർത്തനം 2</u>***

പേര് : ടാലെൻ്റ് ലാബുകൾ

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം , ആലാപനം , ചിത്രരചന , craft work , പെയിൻ്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA | Class Teacher |

# ആരോഗ്യ
# കായിക
# വിദ്യാഭ്യാസം

# ലക്ഷ്യങ്ങൾ

- ✓ മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
- ✓ എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക
- ✓ ആരോഗ്യ ശീലങ്ങൾ വളർത്തുക
- ✓ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക
- ✓ ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക

# പ്രവർത്തനങ്ങൾ

***പ്രവർത്തനം 1***

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പ് വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആദ്യ ടൈമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്റ്റംബർ | പി.ടി.എ | പി.ടി.എ |

***പ്രവർത്തനം 2***

പേര് : കായിക വിദ്യാഭ്യാസം അധ്യാപക ശില്പശാല

ഉപ മേഖല : അധ്യാപക ശാക്തീകരണം

***പ്രവർത്തനം 3***

പേര് : ZUMBA DANCE

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുക | കുട്ടികൾക്ക് ശാരീരികമായും മാനസികമായും വ്യായാമം ലഭിക്കുന്നതിനും പഠനത്തിൽ ഉത്സാഹം വർദ്ധിപ്പിക്കാനും | ജൂൺ - മാർച്ച് | SHEELA TR | പി.ടി.എ |